പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1309 30/01/2018-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനാംഗീകാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ നെല്ലിക്കുന്ന്: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) കേരള വിദ്യാഭ്യാസ ചട്ടങ്ങളും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ നടത്തുന്ന നിയമനങ്ങൾ അംഗീകരിക്കുന്നതിന് നിലവിൽ യാതൊരു തടസ്സങ്ങളുമില്ല. |
| (ബി) നിയമനാംഗീകാരം ലഭിക്കാത്ത എത്ര എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുണ്ടെന്ന് ജില്ലയും സ്കൂളുകളും തിരിച്ച് വ്യക്തമാക്കാമോ; | (ബി) എണ്ണം എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്. |
| (സി) എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് ഏത് ഉത്തരവാണ് സമീപകാലത്ത് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തത്; | (സി) നിയമനാംഗീകാരവുമായി ബന്ധപ്പെട്ട ഉത്തരവുകളൊന്നും സമീപകാലത്ത് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടില്ല. 03-12-2016 ലെ ജി.ഒ (പി) നം. 199/2016/പൊ.വി.വ പ്രകാരമുള്ള കെ.ഇ.ആർ ഭേദഗതി ചോദ്യം ചെയ്തു കൊണ്ടുള്ള റിട്ട് ഹർജികൾ നമ്പർ 1356/17 തുടങ്ങിയ കേസുകളിൽ 11-10-2017 നുണ്ടായ ഹൈക്കോടതി വിധിക്കെതിരെ സമർപ്പിക്കപ്പെട്ട റിട്ട് അപ്പീൽ നമ്പർ 2440/17 തുടങ്ങിയ കേസുകളിൽ 19-12-2017 ന് ഹൈക്കോടതി ഒരു ഇടക്കാല വിധി പുറപ്പെടുവിക്കുകയുണ്ടായി. "നിയമനം, നിയമനാംഗീകാരം, പുനർവിന്യാസം തുടങ്ങിയ വിഷയങ്ങളിൽ തൽസ്ഥിതി തുടരാനാണ്" ഈ ഇടക്കാല വിധിന്യായത്തിലൂടെ കോടതി കല്പിച്ചിരിക്കുന്നത്. |
| (ഡി) നിയമനാംഗീകാരം ലഭിക്കാത്ത എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?. | (ഡി) ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി നടത്തുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ കഴിയില്ല. മറ്റേതെങ്കിലും കാരണങ്ങളാൽ നിയമനാംഗീകാരം നിരസിക്കപ്പെട്ടവർക്ക് ഉയർന്ന തലത്തിലേക്ക് (ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ/ പൊതുവിദ്യാഭ്യാസ ഡയറക്ടർ, സർക്കാർ) അപ്പീലുകൾ നൽകാൻ കഴിയും. |

അത്തരത്തിൽ അവരുടെ പരാതികൾക്ക്
പരിഹാരമുണ്ടാകുന്നതാണ്.

സെക്ഷൻ ഓഫീസർ